# സാഹിത്യവാരഫലം

1988/08/28 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം
1988/08/28-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ഇംഗ്രിഡ് ബർഗ്ഗ്മാൻ

1946-ലെ ഒരു രാത്രി. ഞങ്ങൾ മൂന്നുപേർ സിനിമ കാണുകയായിരുന്നു. സ്വീഡിഷ് ചലച്ചിത്രതാരം ഇംഗ്രിഡ് ബർഗ്ഗ്മാൻ അഭിനയിച്ച ‘ഗ്യാസ് ലൈറ്റ്’ എന്ന സിനിമയായിരുന്നു അത്. ചലച്ചിത്രം കണ്ടിട്ട് സിനിമാശാലയിൽനിന്നു പുറത്തേക്കുപോന്ന ഓരോ വ്യക്തിയും ആഹ്ലാദിക്കുന്നുണ്ടായിരുന്നു. അത്രയ്ക്കു മനോഹരമായിരുന്നു ആ ചിത്രം ഇംഗ്രിഡ് ബർഗ്ഗ്മാനു അക്കാഡമി അവാർഡ് ലഭിച്ച സിനിമയാണ് അതെന്ന് എനിക്കു തോന്നുന്നു. ഞങ്ങൾ മൂന്നുപേരും—ഇപ്പോൾ നെട്ടമങ്ങാട്ടെ എം. എൽ. എ ആയ കെ. വി. സുരേന്ദ്രനാഥ്, ഏഴുവർഷം മുൻപ് അന്തരിച്ചുപോയ ഒരു മുസ്ലിം സഹോദരൻ അയൂബ്, ഞാൻ—ഇവർ കുറച്ചുനേരത്തേക്കു നിശ്ശബ്ദരായി നടന്നു. പെട്ടെന്നു ഞാൻ പറഞ്ഞു: “ഇംഗ്രിഡ് ബർഗ്ഗ്മാനെക്കാൾ സൗന്ദര്യമുള്ള ചലച്ചിത്രതാരങ്ങൾ പലരുമുണ്ട്. പക്ഷേ, ഇവളുടെ ആകർഷകത്വം മറ്റാർക്കുമില്ല”. സുരേന്ദ്രനാഥ് അതിനു മറുപടി നൽകി: “അങ്ങനെ തോന്നുന്നതിനു കാരണം ഇംഗ്രിഡ് ബർഗ്ഗ്മാന് ‘ഇന്ത്യൻലുക്ക്’ ഉണ്ട് എന്നതാണ്. ശരിയാണ് ആ അഭിപ്രായമെന്ന് അന്നെനിക്കു തോന്നി. ഇന്നും അങ്ങനെ തോന്നുന്നു. ഇതിനെ ഞാൻ സാർവലൗകിക സൗന്ദര്യം എന്നു വിളിച്ചു കൊള്ളട്ടെ. ഡൊറോത്തി ലാമറിന് മദാമ്മയുടെ സൗന്ദര്യമുണ്ട്. പക്ഷേ, ഭാരതീയന് ഇഷ്ടം ഇംഗ്രിഡ് ബർഗ്ഗ്മാന്റെ സൗന്ദര്യമാണ്. ചില പുരുഷന്മാരും ഈ രീതിയിലുള്ള സാർവലൗകിക സൗന്ദര്യത്താൽ അനുഗ്രഹീതരായിരിക്കും. ജെ. കൃഷ്ണമൂർത്തിയെയും ജവഹർലാൽ നെഹ്റുവിനെയും ഇന്ത്യയിലെ സ്ത്രീകൾ ഇഷ്ടപ്പെടുന്നതുപോലെ മറ്റേതു രാജ്യത്തെയും സ്ത്രീകൾ ഇഷ്ടപ്പെടും. സ്ത്രീകളെയും പുരുഷന്മാരെയും സംബന്ധിച്ച ഈ പരമാർത്ഥം തന്നെ. കാവാബാത്തയുടെ Snow Country എന്ന നോവൽ എത്ര സുന്ദരമാണെങ്കിലും അത് ജപ്പാൻകാരന്റെ നോവലാണ്. പക്ഷേ, ടോൾസ്റ്റോയിയുടെ ‘അന്ന കരേനിന’ റഷ്യാക്കാരിയുടെ കഥ മാത്രമല്ല, ഭാരതത്തിലെ സ്ത്രീയുടെയും കഥ തന്നെയാണ്. സാഹിത്യ സൃഷ്ടികൾക്ക് ഇമ്മട്ടിൽ സാർവലൗകിക സൗന്ദര്യം വരുമ്പോഴാണ് അവ മഹനീയതയിലേക്കു ചെല്ലുന്നത്. ദൗർഭാഗ്യം കൊണ്ട് നമ്മുടെ നവീനങ്ങളായ നോവലുകൾക്കും ചെറുകഥകൾക്കും കാവ്യങ്ങൾക്കും ‘അന്യദേശീയ സ്വഭാവം’ വന്നുചേർന്നിരിക്കുന്നു. കേരളീയത ഒട്ടുമില്ലാത്ത ‘വിജാതീയ’ങ്ങളായ കൃതികൾ. അവയ്ക്കു സാർവലൗകിക സൗന്ദര്യവുമില്ല, കേരളീയ സൗന്ദര്യവുമില്ല.

## അടിമയാക്കരുത്


ജെ. കൃഷ്ണമൂർത്തി

ദാമ്പത്യജീവിതത്തിന്റെ ദൃഢതയിൽ വിശ്വാസമർപ്പിക്കുന്ന സംസ്കാരമാണ് നമ്മുടേത്. ജനകൻ സീതയെ രാമനു നൽകുമ്പോൾ “ഇവൾ എന്റെ മകളാണ്, നിന്റെ സഹധർമ്മചാരിണിയാണ്” എന്നാണു പറഞ്ഞത്. ജനകന്റെ മകൾ തെറ്റു ചെയ്യില്ലെന്നും അവൾ രാമന്റെ എല്ലാ ധർമ്മങ്ങളോടൊപ്പു ചരിക്കുമെന്നും ധ്വനി. പക്ഷേ, അക്കാലത്തും ദാമ്പത്യജീവിതത്തെ അതിന്റെ തനിനിറത്തിൽ കണ്ടിരുന്നില്ലെന്ന് രാമന്റെയും സീതയുടെയും പിൽക്കാലത്തെ ജീവിതം തെളിയിക്കുന്നു. വിവാഹം കൃത്രിമത്വം ഉള്ള ഏർപ്പാടാണ്. രണ്ടുപേരെ ബലാൽക്കാരമായി ബന്ധിപ്പിക്കുകയാണത്. അവർ ശാശ്വതമായി സ്നേഹിച്ചുകൊള്ളണമെന്ന സമുദായം അനുശാസിച്ചാൽ ജന്മവാസനകളും മനുഷ്യരുടെ സ്വഭാവ സവിശേഷതകളും കൂട്ടാക്കുകയില്ല. സംഘട്ടനമുണ്ടായേ മതിയാകൂ. സമകാലിക ലോകത്ത് ജീവിതം സങ്കീർണ്ണമായി ഭവിച്ചതുകൊണ്ട് സംഘട്ടനം കൂടുതലാണ്. ഭർത്താവ് മദ്യപാനമാണെങ്കിൽ, വ്യഭിചാരിയാണെങ്കിൽ ഈ സംഘട്ടനം മൂർദ്ധന്യാവസ്ഥയിലെത്തും. അപ്പോൾ സ്ത്രീ എല്ലാം സഹിച്ച് അടിമയായി കഴിയും. അല്ലെങ്കിൽ ഭർത്താവെന്ന നാരാധമനെ ഉപേക്ഷിച്ച് സ്വന്തം വീട്ടിലേക്കു പോരും; അതുമല്ലെങ്കിൽ സാരിയിൽ മണ്ണെണ്ണയൊഴിച്ച് തീ കത്തിക്കും. വെന്തുമരിക്കും. അടിമയായി കഴിഞ്ഞുകൂടുന്നതിനാണ് പെണ്ണിന്റെ അച്ഛനമ്മമാർ മിക്കവാറും അവളെ പ്രേരിപ്പിക്കുക. “മോളേ ഭർത്താവു കാണപ്പെട്ട ദൈവമാണ്. നീ അയാളെ അനുസരിക്കണം. കുറച്ചു കടിച്ചാലെന്ത്? അയാളുടെ ശരീരത്തിനല്ലേ കേട്” എന്നാവും അമ്മയുടെ ഉപദേശം ഇങ്ങനെ രഹസ്യമായി ഉപദേശിച്ചിട്ട് അന്യരോട് “ഏയ്, എന്റെ മരുമോൻ ഒരുതുള്ളി തൊടില്ല” എന്നു പറയുകയും ചെയ്യും. “എന്നാൽപ്പിന്നെ ഒരുകാലത്ത് കാണാൻ കൊള്ളാമായിരുന്ന നിങ്ങളുടെ മോൾ ഇന്ന് പേക്കോലമായതെങ്ങനെ? നിങ്ങളുടെ മരുമകൻ ക്ഷയരോഗിയെപ്പോലായതെങ്ങനെ?” എന്ന് അവർ അങ്ങോട്ടു ചോദിക്കയുമില്ല. മാന്യതയുടെയും മര്യാദയുടെയും പേരിലുള്ള അന്യരുടെ മൗനമാണത്.

കാല്പനിക പ്രേമവും മറ്റും ദാമ്പത്യ ജീവിതത്തിലില്ല. അതുള്ളവർ വിവാഹം കഴിച്ചാൽ പതിനഞ്ചുദിവസം കൊണ്ട് ആ പ്രേമം ഇല്ലാതാവുകയും ചെയ്യും. പിന്നീട് വെറുപ്പോടുകൂടിയാണ് രണ്ടുപേരുടെയും ജീവിതം. ഈ നരകത്തിൽനിന്ന് (ഷായുടെ ഭാഷയിൽ പറഞ്ഞാൽ Perpetual misery of wedlock) രക്ഷ നേടണമെങ്കിൽ വിവാഹമോചനം എളുപ്പമുള്ളതാകണം. സന്താനങ്ങളെക്കരുതി സ്റ്റേറ്റ് വിവാഹമോചനത്തിനു പ്രതിബന്ധ സഹസ്രങ്ങൾ നിർമ്മിച്ചുവച്ചിരിക്കുന്നു. യാതന അനുഭവിക്കുന്ന ഒരു സ്ത്രീക്കും പെട്ടെന്നു മോചനം കിട്ടാത്ത വിധത്തിലാണ് ഇന്നത്തെ നിയമം. വെറും മനുഷ്യത്വത്തിന്റെ പേരിൽ ഇതിന് അയവുവരുത്തേണ്ടിയിരിക്കുന്നു. മാത്രമല്ല, കഷ്ടപ്പെടുന്ന മകൾ കഷ്ടപ്പെടുന്നില്ലെന്നും അവൾ സ്വർഗ്ഗീയസുഖം അനുഭവിക്കുകയാണെന്നും അവളുടെ അച്ഛനമ്മമാർ പ്രചരിപ്പിക്കുന്നതും നിറുത്തേണ്ടതാണ്. എങ്കിലേ സദ്യരായും മദ്യപാനിയും വ്യഭിചാരിയുമായ ഭർത്താവിനെ നിലയ്ക്കു നിറുത്തുകയുള്ളൂ.

നിലവിലിരിക്കുന്ന കലാസങ്കല്പത്തെ തകർക്കുന്നവനെ ആളുകൾ ആദ്യം ശത്രുവായി കരുതും. പിന്നീട് മിത്രമായും. ഇന്നത്തെ ശത്രുക്കൾ നാളെ മിത്രങ്ങളാകാമോ?

ടി. വി. സെറ്റില്ലാത്ത, ടെലിഫോണില്ലാത്ത ഫ്രിഡ്ജില്ലാത്ത, ഇരിക്കാൻ മനോഹരങ്ങളായ കസേരകളില്ലാത്ത എന്റെ വീട്ടിൽ ധനികർ വരുമ്പോൾ എന്നെക്കുറിച്ച് അവരെന്തു വിചാരിക്കും എന്ന് എനിക്കുപേടി. വേണപോലെ പരിശോധിക്കാതെ ഷർട്ടിട്ടുകൊണ്ട് റോഡിലേക്ക് ചെന്നപ്പോഴാണ് അതിലെ കീറൽ ഞാൻ കാണുന്നത്. മറ്റുള്ളവർ എന്തു വിചാരിക്കും എന്നാലോചിച്ച് ഞാൻ പേടിക്കുന്നു. ഈ പേടി എല്ലാ മണ്ഡലങ്ങളിലുമുണ്ട്. ദുർവൃത്തനായ മകനെയോ മരുമകനെയോ നല്ലവനാക്കി മറ്റുള്ളവരുടെ മുൻപിൽ യഥാക്രമം അച്ഛനമ്മമാരും അമ്മാവനും അമ്മായിയും അവതരിപ്പിക്കുന്നത് ഈ ഭയത്താലാണ്. കുടുംബരഹസ്യങ്ങൾ പുരപ്പുറത്തു കയറിനിന്നു വിളിച്ചുകൂവണമെന്നല്ല ഞാൻ പറയുന്നത്. ദോഷത്തെ ദോഷമായി കാണണമെന്നാണ്. തീ തിന്നുന്ന മകളെ അമ്മ കൂടുതൽ തീ തീറ്റിക്കരുത് എന്നാണ്. അതു ചെയ്യില്ലെങ്കിലോ? അതിനുള്ള ഉത്തരമാണ് കലാകൗമുദിയിൽ ബി. ഹരികമാർ എഴുതിയ “ഒരിക്കലും മരിക്കാത്തവർ” എന്ന ചെറുകഥ.


ആങ്ത്വാൻ ദ സാങ് തേഗ്സ്യു പേരി

മകന്റെയോ മരുമകന്റെയോ തിന്മ മറ്റുള്ളവരെ അറിയിക്കുന്നത് തന്റെ തിന്മയെ വിളംബരം ചെയ്യലാണെന്ന് ഫ്രഞ്ചെഴുത്തുകാരൻ ആങ്ത്വാൻ ദ സാങ് തേഗ്സ്യു പേരി (Antoine de Saint Exupery, 1900–1944) പറഞ്ഞിട്ടുണ്ട്. കാരണം അവർ കുറ്റപ്പെടുത്തുന്നവന്റെ ആത്മാവിന്റെ ഭാഗമാണ് എന്നതത്രേ. അവരെ തിന്മയുള്ളവരായി കാണിച്ചുകൊടുക്കുമ്പോൾ അയാൾ തന്നെത്തന്നെ വിമർശിക്കുകയാണ്. തന്റെ കൊള്ളരുതായ്മയെ പരോക്ഷമായി പ്രഖ്യാപിക്കുകയാണ്. (സാങ്തേഗ്സ്യു പേരിയുടെ പുസ്തകത്തിന്റെ പേര ഞാൻ മറന്നുപോയിരിക്കുന്നു) ഈ ഫ്രഞ്ചെഴുത്തുകാരനോട് ഞാൻ യോജിക്കുന്നില്ല. ഞാൻ എന്റെ തന്നെ ആത്മാവിനെ അനാവരണം ചെയ്യാൻ സന്നദ്ധനാണെങ്കിൽ മറ്റുള്ളവരോട് കാരുണ്യം കാണിക്കുന്നതെന്തിനാണ്? കീറിയ ഉടുപ്പ് ഇട്ടുന്നതിൽ അഭിമാനക്ഷതത്തിനു ഒരു ഹേതുവുമില്ലെന്നു വിശ്വസിക്കുന്ന എന്നെ ആരെങ്കിലും അതിന്റെ പേരിൽ കളിയാക്കിയാൽ എനിക്കു വൈഷമ്യമില്ല. ജൂലൈ 22-നു തോളിന്റെ ഒരുഭാഗം കീറിയ ഖദർഷർട്ടു ധരിച്ചുകൊണ്ട് ഞാൻ തീവണ്ടിയിൽ യാത്ര ചെയ്യുകയായിരുന്നു. ടെയിനിൽ എറണാകുളം സ്റ്റേഷൻ പ്ലാറ്റ്ഫോമിൽ നിന്നപ്പോൾ സുന്ദരനായ ഒരു യുവാവ് എന്റെ അടുത്തെത്തി ‘ഓർമ്മയുണ്ടോ?’ എന്നുചോദിച്ചു. ‘മറന്നപോയല്ലോ’ എന്ന് ഞാൻ ഉത്തരമേകി. താനാരെന്ന് യുവാവ് വ്യക്തമാക്കിയപ്പോൾ ഞാൻ അദ്ദേഹത്തിന്റെ കരതലം ഗ്രഹിച്ചു. കഥാകാരനാണ്. ഞാൻ അദ്ദേഹത്തിന്റെ രചനകളെക്കുറിച്ച് അധികമൊന്നും നന്നു പറഞ്ഞിട്ടില്ല. ദോഷമേറെ സൂഷ്മമാക്കിയിട്ടുണ്ടുതാനും. യുവാവിന്റെ അടുത്ത ചോദ്യം: “എന്നാണ് ഖദറാക്കിയത്?” മറുപടി: “ഖദറാക്കിയതല്ല. വില കുറവാണ്. റെഡിമെയ്ഡ് ഷർട്ട് വേഗം വാങ്ങാം. സമയത്തിന് ഉപകരിക്കും”. ഇത്രയും അറിയിച്ചിട്ട് എം. പി. പോളിന്റെ ഒരു നേരമ്പോക്ക ഞാൻ പറഞ്ഞു: പോൾ ഖദർ ധരിച്ച് തീവണ്ടിയിലിരിക്കുകയായിരുന്നു. ആരോ ചോദിച്ചു: “അല്ല മാഷ് ഖദറാക്കിയോ?” പോൾ മറുപടി നൽകി: “ഓർക്കായില്ല, വല്ല കള്ളക്കടത്തുകാരാണെന്നോ കരിഞ്ചന്തക്കാരനാണോ എന്നെ തെറ്റിദ്ധരിച്ചേക്കുമെന്ന് എനിക്കറിയാം”. യുവാവ് ഉടനെ പറഞ്ഞു: “വേറൊരു സൗകര്യമുണ്ട്. ഖദർഷർട്ട് കീറിയാലും ധരിക്കാം”. ഇതുകേട്ട് ഞാനതു ബോധംകെട്ടെന്നമാണ് പാവം ചെറുപ്പക്കാരൻ വിചാരിച്ചത്. കീറിയ വസ്ത്രം ധരിച്ചാൽ അഭിമാനത്തിന് ക്ഷതമുണ്ടാകും എന്ന വിചാരം ആ കീറിയ ഷർട്ടിലൂടെ അനാവരണം ചെയ്യുകയായിരുന്നു ഞാൻ. അങ്ങനെ പ്രവർത്തിക്കണ എനിക്ക് മകന്റെയോ മറ്റു ബന്ധുക്കളുടെയോ മാനസിക നിലയെ അനാവരണം ചെയ്യാൻ അധികാരമുണ്ട്.

## മരണവും നാട്യവും

മഹാന്മാർപോലും കഷ്ടപ്പെട്ടാണ് മരിക്കുക. ശ്രീരാമകൃഷ്ണ പരമഹംസൻ തൊണ്ടയിൽ അർബുദം വന്നുമരിച്ചു. രമണമഹർഷി രക്താർബുദത്താലാണ് അന്തരിച്ചത്. പ്രോസ്റ്റേറ്റ് ഗ്രന്ഥി ശസ്ത്രക്രിയ ചെയ്തു നീക്കിയതിനുശേഷം വന്ന രോഗത്താൽ രവീന്ദ്രനാഥ ടാഗോർ ചരമം പ്രാപിച്ചു. ഫ്രായിറ്റിന് കവിളിൽ അർബുദമായിരുന്നു. ആൽഡസ് ഹക്സിലിക്കും അതുതന്നെയായിരുന്നു രോഗം. അപകടങ്ങളിൽപ്പെട്ട് മരിക്കുന്നവർ ധാരാളം. റോളാങ് ബാർത്ത് റോഡ് കടക്കാൻ ശ്രമിച്ചപ്പോൾ ഒരു വണ്ടി മുട്ടി ആശുപത്രിയിൽ വച്ചു മരിച്ചു. ആൽബേർ കമ്യു കാറ് മരത്തിലിടിച്ചാണ് അന്ത്യശ്വാസം വലിച്ചത്. “ഞാൻ ചൊവ്വ് മരിക്കണവർ വിരളം. അവരാണ് അനുഗ്രഹീതർ. മരണം സംഭവിച്ചാൽ അടുത്ത ബന്ധുക്കൾ നാലുവിളി വിളിക്കും. അതിനുചെറുമനെല്ലാം ഞാൻ ഉൾപ്പെടു മിത്രങ്ങൾ പൊള്ളയായ നാല് അനുശോചനവാക്യങ്ങളിൽ എല്ലാമൊതുക്കും. തീർന്നു. അതോടെ മരിച്ച വ്യക്തി വിസ്മരിക്കപ്പെടും.

മരണത്തിൽ ബന്ധുക്കൾ കാണിക്കുന്ന ക്രൂരത മിത്രങ്ങൾ കാണിക്കാറില്ല. എനിക്കു പരിചയമുണ്ടായിരുന്ന ഒരു സ്ത്രീ പത്തു കൊല്ലത്തോളം ഗർഭാശയത്തിലെ കാൻസർ കൊണ്ടു കഷ്ടപ്പെട്ടതിനുശേഷം മരിച്ചു. മൃതദേഹം കളിപ്പിച്ച് ശ്മശാനത്തിലേക്ക് എടുക്കാൻ ഭാവിച്ചപ്പോൾ അതിനെ ഉടൻ വെണ്മ കസവുള്ള ഒരു നേര്യത് ആരോ എടുത്തുകൊണ്ടുവന്നു. അവരുടെ ഭർത്താവ് അതുകൊണ്ടുവന്നവരെ അവിടെയിട്ട് ആ മൃതദേഹത്തിന്റെ മുൻപിൽ വച്ചതാണെന്നു ഞാൻ ശ്രദ്ധിച്ചു. “ഈ വിലകൂടിയ നേര്യതയല്ലേ വേണോ ശവം മൂടാൻ?” എന്നായിരുന്നു അയാളുടെ ആക്രോശം. അതു പിടിച്ചുവാങ്ങിക്കൊണ്ട് അയാൾ അകത്തേക്ക് ഓടി. തിരിച്ചുവന്നത് ഒരു പഴയ പുളിയിലക്കര നേര്യതുമായിട്ടാണ്. മൃതദേഹം വെന്തുമുണ്ടെന്ന് ശ്മശാനത്തിലേക്കു കൊണ്ടുപോയത്. നേരം വെളുത്തു. ഒൻപതുമണിക്ക് വീട്ടിന്റെ മുൻവശത്തുള്ള ഒരുവേദിയിൽ മീൻകാരി ‘പരവ, പരവ’ എന്നുവിളിച്ചു. മരിച്ച സ്ത്രീയുടെ ഭർത്താവ് ഉടനെയിറങ്ങിചെന്ന് ആ പരവ മീൻ വാങ്ങിക്കൊണ്ടുവന്നു. ശ്മശാനത്തിൽ പട്ടടയിലിരുന്ന ശരീരം പകതിമാത്രമേ എരിഞ്ഞിരിക്കൂ. അതിന്റെ ഗന്ധം ശ്വസിച്ചുകൊണ്ട് പെൺമക്കൾ മീൻ അരുഞ്ഞുകറിവച്ചു. അതിയാന് ചൊരിച്ചു. എല്ലാവരും ഉത്സാഹത്തോടെ ഉണ്ണാനിരുന്നപ്പോൾ പരേതയുടെ മൂത്തമകൻ പറഞ്ഞു: “അമ്മയുടെ മൃതദേഹം എരിഞ്ഞുതീർന്നിട്ട് പോരായിരുന്നോ ഈ പൊരിച്ച മീൻ തീറ്റ? കഷ്ടം!” ഇതുകേട്ട് ഒരു മകൾ ദേഷ്യത്തോടെ: “മരാൾ മരിച്ചെന്നു പറഞ്ഞ് ജീവിച്ചിരിക്കണ്ണവർക്ക് ആഹാരം കഴിക്കണ്ടേ?” നാലുദിവസം കഴിയുന്നതിനുമുൻപ് മരിച്ച സ്ത്രീയുടെ ഭർത്താവ് ഹായായാലുത്തിൽ പോയി. ആ മനുഷ്യന്റെ സഞ്ചയനം നടക്കുന്ന വേളയിൽ അയാളുടെ മൂന്ന സഹോദരിമക്കൾ അടുക്കളയിൽ കയറിയിരുന്ന് മരച്ചീനിയും മീനും കഴിക്കുകയായിരുന്നു. ഇതൊന്നും ഒറ്റപ്പെട്ട സംഭവമല്ല. ലോകമെമ്പാടും ഇങ്ങനെയാണ് മരണത്തോടു ബന്ധപ്പെട്ട കാര്യങ്ങൾ നടക്കുന്നത്.

മനുഷ്യർ പ്രായം കൂടിവരുമ്പോൾ എല്ലാം ക്ഷയിച്ചുപോകും. തലച്ചോറ് പ്രവർത്തിക്കില്ല. മാംസപേശികളും സിരകളും പണി മുടക്കും. ‘അപ്പോൾ മരിച്ചാൽ മതിയെന്ന’ ആ വ്യക്തി വിചാരിക്കും ആ വിചാരത്തിനു ശക്തി കൂടിയാൽ മരണം എളുപ്പത്തിൽ വന്നുചേരും. ഉറക്കഗുളികഅന്വേഷിക്കാതെ, കയറെടുക്കാതെ, കാറാ കൊയില ലെടുക്കാതെ, അങ്ങുവെ കെട്ടിടത്തിന്റെ മുകളിൽ കയറാതെ മരണം പ്രാപിക്കാം. അബിലഷിച്ചാൽ മതി. മതിച്ചാൽ മതിയായിരുന്നു’ എന്ന രോഗിയുടെ വ്യഥാനോവ് ഉയരോ പറയുന്നതിൽ സത്യമുണ്ടെങ്കിൽ മരണം പുഞ്ചിരി പൊഴിച്ചെത്തും.


എം. രാഘവൻ

ഈ സത്യമാകാമെ എറ്റ അനായാസമായി എം. രാഘവൻ ‘പട്ടു ഇണി’ എന്ന ചെറുകഥയിൽ നിവേദിപ്പിച്ചിരിക്കുന്നു. വല്യ മുത്തഛൻ മരിച്ചു. ജീവിച്ചിരിക്കുമ്പോൾ അവർക്ക് ഒരു പുതപ്പിനോടു കമ്പം. മരിച്ചപ്പോൾ ആരോ ആ പുതപ്പെടുത്ത് അവനെ മൂടി. അവരുടെ ചേട്ടന് പണ്ടേ അതിനോട് അടിനിവേശമുണ്ട്. അത് മൃതദേഹത്തിൽനിന്ന് വലിച്ചെടുക്കാൻ അയാൾ ഭാവിച്ചപ്പോൾ അതിന്റെ (മൃതദേഹത്തിന്റെ) രണ്ടുവിരലുകൾക്കിടയിൽ അതകപ്പെട്ടുപോയി. “ഇനി ആരും പിടിച്ചു വലിച്ചാലും വല്യ മുത്തച്ഛൻ വിടില്ല” എന്ന് വേറൊരാൾ പറയുമ്പോൾ കഥ പര്യവസാനത്തിലെത്തുന്നു. നവീനന്മാരെപ്പോലെ, അഭ്യർത്ഥമായ തലത്തിൽ വസ്തുതകളെ കോർത്തിണക്കാൻ കഥാകാരനെ കഴുമുകകളില്ല. മൂർത്തമായ തലത്തിൽ വച്ചാണ് ആ സംയോജനം നടക്കുക. എല്ലാം യോജിച്ചുകഴിയുമ്പോൾ ജീവിതസത്യം അർക്കമാറിയോടെ വിലസുന്നു. ഒരു നാട്യവുമില്ലാത്ത ചെറുകഥ. ലളിതമായ ആവിഷ്കാരം. സാഹിത്യപരമായ ഭാഷയില്ല. സ്വയം‌ദ്ധ്യോപയോഗിയോ വാക്കുകളില്ല. വർണ്ണനകളില്ല. (കഥ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ)

## ടെലിഫോൺ

‘സാഹിത്യവാരഫലം’ സാഹിത്യത്തെ മാത്രം സൂർശിക്കുന്നതല്ല. ജീവിതമാണ് സാഹിത്യം. അതുകൊണ്ടു ജീവിതത്തെ സംബന്ധിക്കുന്ന പലതും ഞാനിതിൽ എഴുതിയെന്നുവരും. ഇപ്പോൾ ടെലിഫോണിനെക്കറിച്ചാണ് പറയാൻ തോന്നുന്നത്. ഒന്നാമതായി എഴുതാനുള്ളത് വീട്ടിലെ കട്ടികളെക്കൊണ്ട് ഫോൺ എടുപ്പിക്കരുത് എന്നാണ്. സർവ്വകലാശാലയിലെ ഒരു ദീർഘാരാട്ടത്യാവശ്യമായി ചില കാര്യങ്ങൾ സംസാരിക്കാനുള്ളതുകൊണ്ട് ഞാൻ അദ്ദേഹത്തെ ടെലിഫോണിൽ വിളിച്ചു. മകൻ പയ്യൻ അറിയിച്ചു: “അച്ഛനിവിടെയില്ല”. അച്ഛന്റെ അവിടുത്തെ സംസാരം എനിക്കു ഫോണിലൂടെ കേൾക്കായിരുന്നു. ഞാൻ അങ്ങുമിനിട്ടുകഴിഞ്ഞ് ഞാൻ വീണ്ടും വിളിച്ചു. മകൻ പയ്യൻ മറുപടി പറഞ്ഞതിങ്ങനെയാണ് “അച്ഛൻ ഇവിടെയില്ലെന്നു പറഞ്ഞില്ലേ”. പിന്നീട് ഇന്നവരെ ഞാൻ അദ്ദേഹത്തെ ടെലിഫോണിൽ വിളിച്ചിട്ടില്ല. ഒരു മരണവാർത്ത അറിയിക്കാനായി പുനയിലേക്കു ഇന്നേവരെ ഞാൻ S. T. D ആയി വിളിച്ചു. ആ മൃതനുവന്നതും അങ്ങോ ആരോ വയസ്സുവരവുന്ന ഒരു കട്ടിയാണ് ഫോണെടുത്തത്. അന്ത്യോന്യബന്ധമില്ലാതെ അവൻ എന്തോ പറഞ്ഞു തല്ലാതെ ഫോണിൽ എനിക്കാവശ്യമുള്ള ആളിനു അവിനു കൊടുത്തേയില്ല. മരണവാർത്ത കമ്പിസന്ദേശമായി കൊടുക്കേണ്ടി വന്നു. കൊച്ചുകട്ടികൾ ഫോണിൽ സംസാരിക്കുന്നത് കാണാൻ അച്ഛനമ്മമാർക്കു അപ്പു പുത്താർക്കും അമ്മൂമ്മമാർക്കും ഇഷ്ടമാണ്. പണം ചെലവാക്കി S. T. D. കാൾ നടത്തുന്നവർക്ക് അതിഷ്ടമുള്ള കാര്യമല്ല.

രണ്ട്: ആകർഷകമല്ലുള്ള മുഖവും അതിലെ മധുരപ്പുഞ്ചിരിയുള്ളവരുൾ നമ്മുളോടു നേരിട്ടു സംസാരിക്കുമ്പോൾ ‘ങേ, ങേ’ എന്നു പറഞ്ഞാലും നമുക്കൊന്നും തോന്നുകയില്ല. മുഖത്തിന്റെ സൗന്ദര്യം മന്ദസ്മിതത്തിന്റെ മാധുര്യവും ‘ങേ’ എന്ന ചോദ്യത്തിന്റെ പാരുഷ്യം ഇല്ലാതാക്കും. എന്നാൽ ഫോണിലുടെ നമ്മുളെങ്ങെരെ ഫോണിലൂടെ പറയുമ്പോൾ മറ്റേയാളുടെതിന്ന് ‘ങേ, ങേ’ എന്ന് അതിന്യനരി ചോദ്യരീപ്പത്തിൽ ശബ്ദത്തിൽ ബധിരൽഞ്ഞാൽ നമുക്കു വെറുപ്പുതോന്നും. നമ്മൾ അപ്പോൾ മുഖം കാണുന്നില്ലല്ലോ. ടെലിഫോൺ സംഭാഷണത്തിൽ ‘ങേ’ എപ്പോഴും ഒഴിവാക്കണം.

മൂന്ന്: നമ്മൾ ദേശ്യപ്പെട്ടിരിക്കുമ്പോഴായിരിക്കും സ്നേഹിതൻ ഫോണിൽ വിളിക്കുന്നത്. നമ്മുടെ ദേഷ്യ ശബ്ദത്തിന്റെ പാരുഷ്യം വരുത്താം അങ്ങനെ പരുഷമായി സംസാരിച്ചാൽ സ്നേഹിതൻ തീർച്ചയായും തെറ്റിദ്ധരിക്കും. എന്നെ കഞ്ഞനിലാക്കുള്ള ഒരെണ്ണമായി പലപ്പോഴും ഫോണിൽ വിളിച്ചു ഭല്ലപ്പെടുത്താറുണ്ട്. വീട്ടിൽ ഫോണെടുത്തതായാൾ വന്നപ്പറഞ്ഞു “കഞ്ഞൻകൃഷ്ണൻ വിളിക്കുന്ന”വെന്ന്. ‘ശബ്ദമായി’ എന്നമകനാൾ ഞാൻ റിസീവറെടുത്ത് “എന്തുവേണം?” എന്നു ചോദിച്ചു. എത്ര ശ്രമിച്ചിട്ടും എന്റെ ശബ്ദം പരുഷമായി തന്നെന്നുവരും. അപ്പോഴാണ് വടകരയിൽനിന്ന് ആ ശബ്ദം എന്റെ കാതിലെത്തിയത്. “സർ കഞ്ഞുണ്ണിയുണ്ടാണ് വിളിക്കുന്നത്. എന്താ വല്ല ജോലിയിലും ഏർപ്പെട്ടിരിക്കയായിരുന്നോ? അതോ സുഖമില്ലേ?” എന്നൊക്കെ. കുഞ്ഞുണ്ണി ഒന്നിൽ കഞ്ഞുണ്ണി എന്നെ തെറ്റിദ്ധരിച്ചുവെന്നതു സ്പഷ്ടം. സൗമ്യ വ്യക്തമാക്കാൻ എനിക്ക സാധിച്ചിട്ടുമില്ല. അദ്ദേഹം പറയാനുള്ളതു പറഞ്ഞിട്ട് ഫോൺ താഴെവച്ചു. അതുകൊണ്ട് ഉണ്ടപോലാണ്. സ്വന്തം ക്ഷോഭത്തെ നിയന്ത്രിച്ചിട്ടുവേണം ഫോണിൽ മറുപടി പറയുവാൻ. ഇല്ലെങ്കിൽ തെറ്റിദ്ധാരണയുണ്ടാകും.

ഇനി ഒരു സംഭവം. ഒരു റിട്ടയേർഡ് ഗവ. സെക്രട്ടറിയുടെ വീട് വാടകയ്ക്ക് എടുക്കാനായി ഞാൻ അദ്ദേഹവുമായി ഫോണിൽ സംസാരിച്ചു. വീട് തരാമെന്നു സമ്മതിച്ച സെക്രട്ടറി അതേമണിക്ക് കഴിഞ്ഞ് മറ്റൊരാൾ ആ സ്യാ പറയാൻ ഞാൻ വീണ്ടും വിളിച്ചു. ഞാൻ വിളിച്ചതപ്പോൾ ഫോണെടുത്തതു സെക്രട്ടറിയുടെ മകനാണ്. പിന്നിട് ഫോണിൽകൂടി ഞാൻ കേട്ടത്:

**മകൻ:** അച്ഛാ വീട് വേണമെന്നു പറഞ്ഞ കൃഷ്ണൻനായർ വിളിക്കുന്നു.

**ഗുരനിന്നുള്ള ഒരു ശബ്ദം:** ഞാൻ ഇവിടെയില്ലെന്നു പറയെടാ. അയാളെന്തിന് എന്നെ ശല്യപ്പെടുത്തണ്ണ! “ഞാൻ വടക്കൻ പറവൂര സ്റ്റോയെന്നു മറ്റുന്നോ “ഒക്കെ വിലയില്ലാഞ്ഞ ”വാക്കേ ഉപകരാൻ പറ. നാശം”.

വീണ്ടും ഉണ്ണമാന്നം. രഹസ്യമായി വല്യതും പറയണമെങ്കിൽ ഫോണിനെ വെച്ചുകഴിഞ്ഞെ വെക്കുകയോ പൊത്തിപ്പിടിച്ചുവേണം അതു ചെയ്യാൻ.

## കട്ടികളേ വരൂ


എ. ആർ. രാജരാജവർമ്മ

ഒരു മണ്ണാങ്കട്ടയും ഒരു കരിയിലയും കൂടി കാശിക്കു പുറപ്പെട്ടു. കറുവഴി ചെന്നപ്പോൾ ഒരു കാറ്റു വന്നു. അപ്പോൾ മണ്ണാങ്കട്ട കരിയിലയുടെ മീതെ ഇരുന്നു മുരുകാതെ രക്ഷിച്ചു. പിന്നെയും അവർ യാത്ര തുടർന്ന പ്പോൾ ഒരു മഴവന്നു. ഇത്തവണ കരിയില മണ്ണാങ്കട്ടയുടെ മുടിയിന്മേൽ അതിനെ രക്ഷിച്ചു. പിന്നെയും അവർ കുറെ ദൂരം ചെന്നപ്പോൾ കാറ്റും മഴയുംകൂടി വന്നു. മണ്ണാങ്കട്ട അലിഞ്ഞുപോയി. കരിയില പാറിക്കടുത്ത് അങ്ങും പറന്നു പോയി. (കേരള സാഹിത്യ സംഗ്രഹം, ഭാഗം, ഓക്സ്ഫോർഡ്, ഗ്രന്ഥം 13). ഇതിനെ എ. ആർ. രാജരാജവർമ്മ ധാര്ഷ്ട്യകഥ എന്നുവിളിക്കുന്നു. ശിശുക്കൾക്ക് അതിരുള്ളതാണ്. ഇതിൽ കേരളസാഹിത്യത്തിലുണ്ടായ ഇത്തരം കഥകൾ. പ്രായമായവർക്ക് പ്രായമാവർക്കുവേണ്ടി എഴുതുന്ന ചില കഥകളും ഇങ്ങനെ ധാര്ഷ്ട്യകഥകളായി ആയിപ്പോകാറുണ്ട്. ഒരു ദാഹരണം മണിയൂർ ഇ. ബാലൻ ദേശാഭിമാനി വാരികയിൽ എഴുതിയ ‘വഴികാട്ടി’ എന്ന കഥ തന്നെ. കഥയിലെ വഴികാട്ടി കോമിയാണ്. കോമിയും സാറും കൂടി കൊടുങ്കാടിലേക്കു കടന്നു. അവരെ ആന ഉപദ്രവിച്ചു. നരി ഉപദ്രവിച്ചില്ല. പക്ഷേ, കാട്ടകൊള്ളക്കിടാൻ വേണ്ടി വന്നെത്തിയ ചിലർ കോമിയെ വെടിവച്ചു കൊന്നു. മൃഗങ്ങളെ പേടിക്കേണ്ട, കാട്ടു കള്ളന്മാരെ പേടിക്കണം എന്നുസാരം. മണ്ണാങ്കട്ടയും കരിയിലയും എന്ന കഥ പ്രാകൃതമായ ആഖ്യാനമായതുപോലെ മണിയൂർ ഇ. ബാലന്റെ കഥയും പ്രാകൃതവും ആവനിക്കുന്നു. സാഹിത്യമെന്നത്, കലയെന്നത് ഇത്തരം ബാലിശങ്ങളിൽനിന്ന് എത്രയോ കാതം അകലെയാണ്.

എന്റെ വായനക്കാരിൽ കട്ടികളുണ്ടോ? ഉണ്ടെങ്കിൽ വേറൊരു ധാർഷ്ട്യ കേൾക്കു. ആലിബാബയുടെ സഹോദരൻ കാസ്സിമിനെ കാണാനില്ല. കാസ്സിമിന്റെ ഭാര്യ വല്ലാതെ കരഞ്ഞു. അടുത്ത ദിവസം ആലിബാബ കാസ്സിമിന്റെ ശരീരാവശിഷ്ടങ്ങൾ കൊണ്ടു വന്നു. ഭാര്യ പിന്നെയും കരഞ്ഞു. അപ്പോൾ ആലിബാബ അവളോടു പറഞ്ഞു: ഞാൻ നിന്നെ വിവാഹം ചെയ്യുകൊള്ളും. കരച്ചിൽ നിന്ന ദ്രഷം മാറി. മാതുലല്ല അവൾ ആഹ്ലാദിക്കുകയും ചെയ്തു.

## നന്മയും തിന്മയും

സാഹിത്യസൃഷ്ടികൾക്ക് സാർവലൗകിക സൗന്ദര്യം വരുമ്പോഴാണ് അവ മഹനീയതയിലേക്ക് ചെല്ലുന്നത്. ദൗർഭാഗ്യം കൊണ്ട് നമ്മുടെ നവീനങ്ങളായ നോവലുകൾക്കും ചെറുകഥകൾക്കും കാവ്യങ്ങൾക്കും അന്യദേശീയ സ്വഭാവം വന്നു ചേർന്നിരിക്കുന്നു. കേരളീയത ഒട്ടുമില്ലാത്ത വിജാതീയങ്ങളായ കൃതികൾ. അവയ്ക്കു സാർവലൗകിക സൗന്ദര്യവുമില്ല, കേരളീയ സൗന്ദര്യവുമില്ല.

മനുഷ്യന്റെ ചരിത്രം പരിശോധിച്ചു. സമാന്തരങ്ങളായ രണ്ടു പ്രവാഹങ്ങളുണ്ട്. ഒന്ന് നന്മയുടെ പ്രവാഹം; മറ്റൊന്ന് തിന്മയുടെ പ്രവാഹം. അലക്സാണ്ടർ ചക്രവർത്തി ഗ്രീസിലെ ഏന്നതിന്റെ പേരിൽ മനുഷ്യരെ കൊന്നൊടുക്കിയപ്പോൾ അരിസ്റ്റോട്ടിൽ മനുഷ്യനന്മയെ ലക്ഷ്യമാക്കി ദാർശനിക ചിന്തകളിൽ വ്യാപരിക്കുകയായിരുന്നു. നെപ്പോളിയൻ അപരാധം ചെയ്യാത്തവരെ നിഗ്രഹിച്ചപ്പോൾ ഗോയ്ഥേ, സ്നേഹത്തിന്റെ സന്ദേശം പ്രചരിപ്പിക്കുകയായിരുന്നു. ഇടയനായി ജനിച്ചോ? എങ്കിൽ അയാൾ വധിക്കപ്പെടേണ്ടവനാണെന്നു കരുതി ലക്ഷക്കണക്കിന് ജൂതന്മാരെ ശ്വാസംമുട്ടിച്ചു കൊന്നു ഹിറ്റ്ലർ. ആ മനുഷ്യഗം അങ്ങനെ വധപരിപാടികളിൽ മുഴുകിയപ്പോൾ ഭാരതത്തിൽ ഒരു അർദ്ധനഗ്നൻ അക്രമ രാഹിത്യത്തിന്റെ മഹനീയത ഉദ്ഘോഷിക്കുകയായിരുന്നു. രഘുവംശം എഴുതിയ മനുഷ്യൻ, താജ്മഹൽ നിർമ്മിച്ച മനുഷ്യൻ തന്നെയാണ് നാഗസാക്കിയിൽ പിഞ്ചുകഞ്ഞുങ്ങളെ കത്തിൽ ചേർത്തുവച്ച അണിയിട്ടു കൊന്നത്. പെൻസിലിൻ കണ്ടുപിടിച്ച മനുഷ്യൻ ന്യൂക്ലിയർ ബോംബും കണ്ടുപിടിച്ചു.

വ്യക്തിയിലുണ്ട് ദ്വന്ദ്വഭാവം. പട്ടിക്കുട്ടിയെ പാലുകൊടുത്തു വളർത്തുന്നയാൾ തന്നെ തൊഴിക്കുകൊണ്ടു വേദനിപ്പിക്കും. പത്തുമാണിക്ക് കോഴിക്കഞ്ഞിനെ തിരിച്ചുകിട്ടിയാൽ മണ്ണെണ്ണ ഒഴിച്ചു കത്തിച്ചു കൊണ്ട് ഇരുളിൽ തെറ്റാൽ കോഴിയും കൊണ്ട് ശബ്ദമുണ്ടാക്കി അതിനെ ജീവിപ്പിക്കുന്ന വീട്ടമ്മ അതിലിയതിലായിരിക്കുന്ന കോഴിയുടെ കഴുത്തു അരിച്ചു ചിക്കൻ ഫ്രൈ ഉണ്ടാക്കും. മനുഷ്യനിൽ എപ്പോഴും ഈ രണ്ടുഭാവങ്ങളും പ്രവർത്തിക്കും. ഒരു കഞ്ഞ് കളത്തിൽവീണ ചാകാൻ പോകുന്നതു കണ്ടാൽ ചാടിവീണ് അതിനെ രക്ഷിക്കുന്ന ആൾ മറ്റൊരു സന്ദർഭത്തിൽ അതുപോലൊരു കഞ്ഞ് ജലാശയത്തിൽ വീഴുന്നതു കണ്ടാൽ കണ്ടില്ലെന്നു നടിച്ചു പൊയ്ക്കളയും. രക്ഷിക്കാനും രക്ഷിക്കാതിരിക്കാനും പതിന്മനഃവിതയെയും മനുഷ്യൻ ഇംപൾസിനെയും ആശ്രയിച്ചിരിക്കും. അങ്ങനെയുള്ള മനുഷ്യന്റെ ഉപബോധമനസ്സിൽ നന്മയാണുള്ളതെന്നും അതിന് ഉദ്ദീപനം നൽകിയാൽ ഭീകരതയെ ആട്ടിൻകട്ടികളാക്കാമെന്നും തോമസ് ഹോബ്സ് അഭിപ്രായപ്പെടുന്നത് അതുകൊണ്ടു ശരിയല്ല (കങ്കുമം വാരിക, മനുഷ്യൻ എത്ര സുന്ദരമായ പദം). മനുഷ്യന്റെ ഘടനയിൽ തിന്മയും നന്മയും ഉണ്ട്. അത് സന്ദർഭമനുസരിച്ചു പ്രവർത്തിക്കും. നന്മയുടെ ദ്വന്ദ്വിമുദ്ദ്വാരമായ ഗാന്ധിജി പലപ്പോഴും തിന്മ കാണിച്ചിട്ടുണ്ട്. (ആത്മകഥ നോക്കുക) തിന്മയുടെ ഉടലെടുത്ത ആളായ ഹിറ്റ്ലർ നന്മ പ്രകടിപ്പിച്ചിട്ടുണ്ട്. നന്മയുടെ ശാശ്വത പ്രതീകമായ ശ്രീരാമൻ, സ്വന്തം ജീവിതത്തിൽ എത്രതവണയാണ് തിന്മയുള്ളവനായി പ്രത്യക്ഷനായത്!



ലോംഗോവാൾ

രാഷ്ട്രവ്യവഹാരത്തോടു ബന്ധപ്പെട്ട ഭീകരപ്രസ്ഥാനം രാഷ്ട്രത്തിനു സ്വഭാവമുള്ളതല്ല. വിവിധ രാഷ്ട്രങ്ങളിലെ ഭീകരന്മാർ ഒരിമിച്ചുചേരുന്നു. ഒരു കൂട്ടർ മറ്റൊരു കൂട്ടർക്ക് സഹായം നൽകുന്നു. ഭീകരപ്രവർത്തനങ്ങൾക്കുവേണ്ട ആയുധങ്ങളും പണവും മറ്റുരാജ്യങ്ങളിൽനിന്നാണ് അവർക്ക് കിട്ടുന്നത്. ഇറ്റലിയിലെ അൽഡോ മൊറൊയെ കൊന്നവരും പോപ്പിന്റെ നേർക്ക് നിറയൊഴിച്ചവരും ലോംഗോവാളിനെ നിഗ്രഹിച്ചവരും അവരുടെയെല്ലാം പിറകിൽ ഇന്റർനാഷണൽ ഓർഗനൈസേഷനാണുള്ളത്. സ്നേഹ ഉദ്ദീപിപ്പിച്ച് ഒരു ഭീകരനെയും മാനസാന്തരപ്പെടുത്താനാവില്ല. രാഷ്ട്രവ്യവഹാരത്തിന്റെ തലത്തിൽതന്നെ ഭീകരപ്രസ്ഥാനത്തിന് പരിഹാരം കാണേണ്ടതുണ്ട്.

## നിർവ്വചനം, നിരീക്ഷണം

**ചങ്ങാതി:** ഭ്രട്ടകാരൻ സുന്ദരിപ്പെണ്ണിനെ വിവാഹം കഴിച്ചുകൊണ്ടുവന്നാൽ ആ വീട്ടിൽ കൂടുതലുടെയത്തി ‘പെങ്ങളേ ശകലം ചൂക്ക വെള്ളം’ എന്നപറഞ്ഞ് അടുക്കളയിലേക്കു കയറുന്നവൻ. ഭ്രട്ടകാരൻ അയാളെ വീട്ടിൽ കയറാൻ അനുവദിക്കാതിരിക്കുമ്പോൾ മാത്രമേ ചക്കരയെത്തിനു വേണ്ടിയുള്ള ദാഹത്തിനു ശമനമുണ്ടാകൂ.

**ഉപകുറ്റി (ഉപ്പുറ്റി):** അതിന്യന്തരിയുടെതാണെങ്കിലും ഈ ഭാഗം നോക്കരുത്. നോക്കിയാൽ പലപ്പോഴും അവളോടുള്ള ബഹുമാനം നീങ്ങും.

**അവസാനദിവസം:** വാരികയിലെ നോവലിന്റെ ഒടുവിൽ ഈ പദം കാണുമ്പോഴാണ് വായനക്കാരന് ആശ്വാസം!

**നവീന നോവൽ:** അസ്തിത്വവാദം, സെക്സ്, സ്യൂഡോ പൊയട്രി, ദുർഗ്രഹത ഇവ ഓരോന്നും അഞ്ചുകഴഞ്ചു എടുത്ത് ഇടങ്ങഴി ഭാരതീയ ദർശനം ജലത്തിലിട്ടു വെച്ചിക്ക് നാലിലൊന്നായി വറ്റിച്ച് ഉപനിഷത്തു മേമ്പൊടിയായി സേവിക്കേണ്ട ഔഷധം. ഇതു കഴിച്ചാൽ സാഹിത്യരോഗം ശമിക്കും. ഇതിനെ വാട്ടിയാൽ നവീന നിരൂപകനാവാം.

**പ്രതികാരം:** ആർക്കും ഒരിക്കലും പാടില്ലാത്തത്. എത്ര ശത്രുവാണെങ്കിലും എനിക്കൊരിക്കലും പ്രതികാരം നിർവഹണം സാദ്ധ്യമല്ല. വിഷപ്പാമ്പ് നമ്മെ കടിച്ചാൽ നമ്മൾ വൈദ്യന്റെ അടുക്കൽ പോകണം. പാമ്പിനെ തിരിച്ചുകടിക്കരുത്.

## ലാ ഫൊർഗ്


ഷൂൾ ലാഫൊർഗ്

ഹാസ്യാനുകരണം കലയായി മാറുന്നതു കാണണമെങ്കിൽ ഫ്രഞ്ച് പ്രതിരൂപാത്മക കവി ഷൂൾ ലാഫൊർഗ് (Jules Laforgue, 1860–87) എഴുതിയ Moral Tales വായിക്കണം. ആറ് വിശിഷ്ടങ്ങളായ കഥകളാണ് ഈ പുസ്തകത്തിലുള്ളത്. അവയിൽ പ്രഥമസ്ഥാനം Hamlet on the Consequences of Filial Piety എന്നതിനാണ്. ഷെയ്ക്സ്പിയർ നാടകത്തിലെ രണ്ടു രംഗങ്ങളെ മാത്രം അവലംബിച്ച് എഴുതിയ ഈ കഥയിൽ ഹാംലിറ്റിനെ ലെയേർട്ടീസ് കൊല്ലുന്നതായിട്ടാണു കാണിച്ചിരിക്കുന്നത്. ഇത്രമാത്രം ശതാബ്ദങ്ങളിലെ ഹാംലിറ്റിനെ ലാഫൊർഗ് തനതായ സൃഷ്ടിപ്രവർത്തനത്തിന് നിരൂപകതഭെ വാദം. ഓരോ ശതാബ്ദങ്ങളിലും മുൻപുള്ള ശതാബ്ദത്തിലെ കൃതികൾക്ക് പുതിയ ജീവനിയിൽ അവതരിക്കുമത്രേ. അതെന്തായാലും ഇക്കഥകളുടെ കലാസൗരഭ്യം നിഷേധിക്കാൻ വയ്യ. ഇതുപോലെ എഴുതാൻ ലോകസാഹിത്യത്തിൽ മറ്റൊരു ലാഫൊർഗേയുള്ളൂ. ഇതിലെ ഫാൻടസിയും സരസ്സുമെല്ലാം യുളിസസ്സിനെ ഭാഗികമായെങ്കിലും സൂക്ഷിച്ചിട്ടുണ്ട്. ജോയിസിന്റെ Ulysses എഴുതാൻ പ്രേരിപ്പിച്ചതും ലിഫർഗ് അഭിപ്രായമുണ്ട്. (Without Laforgue's “Moral Tales” Joyce's “Ulysses” would not have been possible.)

നിലവിലിരിക്കുന്ന കലാസങ്കല്പത്തെ തകർക്കുന്നവനെ ആളുകൾ ആദ്യം ശത്രുവായി കരുതും. പിന്നീട് മിത്രമായും. ഇന്നത്തെ ശത്രുക്കൾ നാളെ മിത്രങ്ങളാകാമോ?

☐

# എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യൂമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.